LIBRARY ARCHIVES Kerala Legislative Assembly

## കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച വൻകിട ജലസേചന പദ്ധതികൾ

130 [236] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ 2005, 2006, 2007, 2008 എന്നീ വർഷങ്ങളിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാം;

(ബി) ഈ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനുള്ള മുൻ സർക്കാർ തീരുമാനം മാറ്റാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതു വർഷമാണ് ഇതിനായി നിശ്ചയിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഇതിൽ എം.വി.ഐ.പി. പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാത്ത കനാൽ വർക്കുകൾ നിർത്തിവയ്ക്കുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ടെണ്ടർ ചെയ്തതും എഗ്രിമെന്റ് വയ്ക്കാത്തതുമായ പ്രവൃത്തികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) അത്തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ ടെണ്ടർ ചെയ്ത വർക്കുകളുടെ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

### ഉത്തരം

(എ) (1) മുവാറ്റുപുഴ വാലി ജലസേചന പദ്ധതി.

(2) ഇടമലയാർ ജലസേചന പദ്ധതി.

ഇവയിൽ മുവാറ്റുപുഴവാലി പദ്ധതി 2005-ൽ പൂർണ്ണമായും ഇടമലയാർ പദ്ധതി 2007-2008-ൽ ഭാഗികമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്.

(ബി) ഉണ്ട്. ചെയ്തുതീർക്കേണ്ട ജോലികളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് മുവാറ്റുപുഴവാലി പദ്ധതിയുടെ കമ്മീഷണിംഗ് 2005-2006-ലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്. ഇടമലയാർ പദ്ധതിയുടെ കമ്മീഷനിംഗ് സമയം മാറ്റിവച്ചിട്ടില്ല.

(സി) നിർമ്മാണം ആരംഭിക്കാത്ത കനാൽ വർക്കുകൾ നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടില്ല. പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ വളരെ അധികം ഉള്ളതിനാൽ പുതിയ ജോലികൾ തൽക്കാലം ടെണ്ടർ ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകരിച്ച ആക്ഷൻ പ്ലാനിൽ ഇല്ലാത്ത ജോലികളൊന്നും തൽക്കാലം ടെണ്ടർ ചെയ്യേണ്ടതില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പദ്ധതി ചെലവ് പദ്ധതി വിഹിതത്തിൽ നിന്ന് വളരെ ഉയർന്നു പോയതുകൊണ്ട് പുനഃപരിശോധനയ്ക്കുശേഷം ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ പണികൾ തുടങ്ങുന്നത് ഉചിതമാണെന്ന് കരുതുന്നതുകൊണ്ടാണ് പുതിയ ജോലികൾക്ക് എഗ്രിമെന്റിലേർപ്പെടുന്നത് താൽക്കാലികമായി തടഞ്ഞിട്ടുള്ളത്. പണി തുടങ്ങിയിട്ടില്ലാത്ത അനിവാര്യമായ ജോലികൾക്ക് സർക്കാരിന്റെ പ്രത്യേക അനുമതി തേടാൻ നർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.